**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** — **23-01-2025 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കൈ, ചൂരൽമല നിവാസികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുണ്ടക്കൈ, ചൂരൽമല നിവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | മുണ്ടക്കൈ, ചൂരൽമല പുനരധിവാസത്തിനായി മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും കൽപ്പറ്റ മുൻസിപ്പാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>KIIFCON നെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൽട്ടന്റ്/ എംപ്ലോയർ പ്രതിനിധിയായി നിയമിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ കരാറുകാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br><br>1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതും ഭാവിയിൽ ഒരുനില കൂടി നിർമ്മിക്കാൻ കഴിയുന്ന തരത്തിലുമായിരിക്കും കെട്ടിടത്തിന്റെ അടിസ്ഥാനം നിർമ്മിക്കുക. ടൗൺഷിപ്പിൽ അംഗൻവാടി, പോസ്റ്റ് ഓഫീസ്, ആശുപത്രി, മാലിന്യസംസ്കരണ സംവിധാനം, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റു സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവ അടങ്ങുന്ന സമഗ്ര പുനരധിവാസ പദ്ധതിയാണ് നടപ്പാക്കുക. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.<br><br>ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാം ഘട്ട ലിസ്റ്റിലും, വാസയോഗ്യമല്ലാതായി തീർന്ന സ്ഥലങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ രണ്ടാം ഘട്ട ലിസ്റ്റിലും ഉൾപ്പെടുത്തി ഒരുമിച്ച് പുനരധിവാസം നടപ്പാക്കും.<br><br>ഇതിനുപുറമെ നിർദ്ദിഷ്ട ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ദുരന്തബാധിത |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>ടൗൺഷിപ്പ് പൂർത്തിയാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വയനാട് പുനർനിർമ്മാണ സമിതിയും, മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രമുഖ സ്പോൺസർമാരും അടങ്ങുന്ന ഉപദേശക സമിതി, ചീഫ് സെക്രട്ടറി ചെയർപേഴ്സണായ ഏകോപന സമിതിയും രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പുനരധിവാസ പ്രവർത്തനങ്ങൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോയെന്നും കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം അറിയിക്കുമോ; | (ബി) | മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾക്കായി വിശദമായ മെമ്മോറാണ്ടവും പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസ്സസ്മെന്റ് **(PDNA)** റിപ്പോർട്ടും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ ധനസഹായമൊന്നും ലഭ്യമായിട്ടില്ല. |
| (സി) | പുനരധിവാസത്തിനായി പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വീടുകളെല്ലാം ഒരേ പ്ലാനിലാണോ എന്നും ഒരു വീടിന് എത്ര രൂപയാണ് നിർമ്മാണ ചെലവ് കണക്കാക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | പുനരധിവാസത്തിനായി പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചരിവുള്ളതും, നിരപ്പുള്ളതുമായ പ്രദേശങ്ങൾക്ക് പ്രത്യേകം പ്ലാനുകളാണ് തയ്യാറാക്കുന്നത്. പ്രാഥമിക കണക്കുകൾ പ്രകാരം ഓരോ വീടിനും 30.79 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത് (ജി.എസ്.ടി തുക കൂടാതെ). |
| (ഡി) | പുനരധിവാസത്തിനായി ഭൂമി വിട്ടുകിട്ടിയിട്ടുണ്ടോ; പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഭൂമിയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ നടത്താൻ കഴിയും; സന്നദ്ധ സംഘടനകൾ എത്ര വീട് പണിതു നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മുണ്ടക്കൈ, ചൂരൽമല ദുരിതബാധിതരുടെ പുനരധിവാസത്തിനായി കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ്, കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ എസ്റ്റേറ്റ് എന്നിവ സർക്കാരിന് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005 പ്രകാരം ഏറ്റെടുക്കാവുന്നതാണെന്നും എന്നാൽ ഭൂമിയുടെ നിലവിലെ കൈവശ കക്ഷികൾക്ക് LARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകണമെന്നും ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം വീടുകൾ നിർമ്മിച്ചുനൽകാമെന്ന വാഗ്ദാനം നൽകിയ വ്യക്തികളും സംഘടനകളുമായി മുഖ്യമന്ത്രി യോഗങ്ങൾ നടത്തിയിട്ടുണ്ട്. സന്നദ്ധ സംഘടനകളും വ്യക്തികളും എത്ര വീടുകൾ നിർമ്മിച്ച് നൽകുമെന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ